15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 135 | 20-06-2024 - ൽ മറുപടിയ്ക്ക്

കെ.എസ്.ആർ.ടി.സി.യുടെ ആസ്തി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീമതി യു പ്രതിഭ ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. പി. വി. അൻവർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും കെട്ടിടങ്ങളിലുമാണോ ബസ് സ്റ്റേഷനുകളും ഓഫീസുകളും അനുബന്ധ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള വസ്തുക്കളിലും സർക്കാർ പട്ടയം അനുവദിച്ചു തന്ന സ്ഥലങ്ങളിലും പാട്ടത്തിന് അനുവദിച്ചു തന്ന സ്ഥലങ്ങളിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, പൊതുജനങ്ങളും സൗജന്യമായി അനുവദിച്ച സ്ഥലങ്ങളിലുമാണ് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളും, ഓഫീസുകളും അനുബന്ധ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്. |
| (ബി) | ഇത്തരത്തിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ വാടകയ്ക്കോ പാട്ടക്കരാർ വ്യവസ്ഥയിലോ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ താഴെപ്പറയുന്ന ഡിപ്പോകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് പാട്ടത്തിന് ലഭിച്ച ഭൂമിയിൽ പ്രവർത്തിക്കുന്നു.<br>1. ആനയറ<br>2. പമ്പ<br>3. എരുമേലി<br>4. പാവങ്ങാട്<br>5. സുൽത്താൻ ബത്തേരി<br>6. കാഞ്ഞങ്ങാട് |
| (സി) | കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ ആസ്തി എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | കെ.എസ്.ആർ.ടി.സി.യിൽ 2017-18 വരെയുള്ള വാർഷിക കണക്കുകൾ മാത്രമേ C&AG ഓഡിറ്റ് പൂർത്തീകരിച്ച് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ളൂ. ആയത് പ്രകാരം ഫിക്സഡ് അസറ്റ് കണക്കാക്കിയിട്ടുള്ളത് 1319.38 കോടി രൂപയാണ്. |
| (ഡി) | പല ബസ് സ്റ്റാൻഡുകളിലെയും കെട്ടിടങ്ങൾ കാലപ്പഴക്കം ചെന്നവയും കാലഹരണപ്പെട്ട മാതൃകയിലുള്ളവയും ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | ഓരോ പ്രദേശത്തിന്റെയും പൗരാണികതയും ഗതാഗത-ടൂറിസം സാധ്യതകളും കണക്കിലെടുത്ത് | (ഇ) | ടൂറിസം സാധ്യതകളെ മുൻ നിർത്തി കിഫ്ബി ധനസഹായത്താൽ ആലപ്പുഴ മൊബിലിറ്റി ഹബ്ബ് |

| | | | |
|---|---|---|---|
| | കെട്ടിടങ്ങളും അനുബന്ധ സ്ഥാപനങ്ങളും പുനരുദ്ധരിക്കുന്നതിനോ പുനർനിർമ്മിക്കുന്നതിനോ നടപടി സ്വീകരിക്കുമോ? | | വികസിപ്പിക്കുന്നതിനായുള്ള തുടർ നടപടികളും ഗുരുവായൂർ പിൽഗ്രിമേജ് സെന്ററിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഗുരുവായൂർ ഡിപ്പോയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പി.ഡബ്ല്യു.ഡി. മുഖാന്തരം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചുവരുന്നു.<br><br>കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം ഓരോ പ്രദേശത്തിന്റെയും പൗരാണികതയും ഗതാഗത-ടൂറിസം സാധ്യതകളും കണക്കിലെടുത്ത് കെട്ടിടങ്ങളും അനുബന്ധ സ്ഥാപനങ്ങളും പുനരുദ്ധരിക്കുന്നതിനോ പുനർനിർമ്മിക്കുന്നതിനോ കഴിയാത്ത സാഹചര്യമായതിനാൽ എം.എൽ.എ. / എം.പി. തുടങ്ങിയവരുടെ ഫണ്ടും പ്ലാൻ ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് ഇത്തരത്തിലുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ